## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.**2153**

05-12-2018 ൽ മറുപടിയ്ക്ക്

### മലപ്പുറം ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അസി. ഡിവിഷണൽ ഓഫീസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ഉബൈദുള്ള** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| എ) | മലപ്പുറം ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അസി. ഡിവിഷണൽ ഓഫീസിലെ പരിമിതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | പ്രളയം പോലെയുള്ള പ്രകൃതി ദുരന്തങ്ങൾ നേരിടാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ജില്ലയിലെ ഫയർ സ്റ്റേഷനുകളിൽ പ്രത്യേകിച്ച് ജില്ല ആസ്ഥാനത്തുള്ള സ്റ്റേഷനിൽ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; | ബി) | പ്രകൃതി ദുരന്തങ്ങൾ നേരിടാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ടി ഫയർസ്റ്റേഷനിൽ ലഭ്യമാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| സി) | മലപ്പുറം ഫയർ സ്റ്റേഷനോടനുബന്ധിച്ച് ജില്ലാ ഓഫീസിന് പുതിയ കെട്ടിടവും ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിന് പൊതുമരാമത്ത് പ്ലാനും എസ്റ്റിമേറ്റും സമർപ്പിച്ചിട്ടുണ്ടോ; | സി) | മലപ്പുറം ജില്ലാ ഫയർ ഓഫീസിന് മലപ്പുറം ഫയർ സ്റ്റേഷൻ കോമ്പൗണ്ടിൽ സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് പ്ലാനും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്. |
| ഡി) | മലപ്പുറം ഫയർ സ്റ്റേഷനിലേക്ക് സ്കൂബ സൈറ്റ്, റബ്ബർ ഡിങ്കി, ഔട്ട് ബോർഡ് എഞ്ചിൻ എന്നിവ അനുവദിക്കുന്ന കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ പുരോഗതികൾ വിശദീകരിക്കാമോ? | ഡി) | മലപ്പുറം ഫയർ & റെസ്ക്യൂ സ്റ്റേഷനിൽ 2017-ൽ ഒരു റബ്ബർ ഡിങ്കി വിത്ത് ഔട്ട് ബോർഡ് എഞ്ചിനും, 2018 ൽ 3 എണ്ണം സ്കൂബാ സെറ്റ് വിത്ത് ഡൈവിംങ്ങ് സ്യൂട്ടും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ